പത്രക്കുറിപ്പ്

# യുവാവിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 46 പേർക്കെതിരെ നിയമനടപടി 12,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- പൗഡിക്കോണത്ത് യുവാവിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

മുക്കിൽകട ശോഭന വിലാസം വീട്ടിൽ സുരേഷ് കുമാർ (35)-നെയാണ് ശ്രീകാര്യം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഞായറാഴ്ചയാണ് സംഭവം നടന്നത്. മുക്കിൽകട നുള്ളിവിള വീട്ടിൽ ബിജുവിനെ രാത്രി 8 മണിയോടെ വീടിനു മുൻപിൽ വച്ച് പ്രതി വെട്ടുകത്തികൊണ്ട് വെട്ടിപ്പരിക്കേൽപ്പിച്ച് കടന്നു കളയുകയായിരുന്നു. ബിജുവിന്റെ സഹോദരിയെ പ്രതി ശല്യം ചെയ്തത് ചോദ്യം ചെയ്തതിലുള്ള വിരോധത്തിലാണ് ആക്രമണം നടത്തിയത്. സംഭവത്തിനു



ശ്രീകാര്യം പോലീസ് അറസ്റ്റ് ചെയ്ത
സുരേഷ് കുമാർ (35)

ശേഷം ഒളിവിൽ പോയ പ്രതിയെ കഴക്കൂട്ടം സൈബർസിറ്റി എ.സി.പി. ഷൈനു തോമസിന്റെ  നേതൃത്വത്തിൽ ശ്രീകാര്യം എസ്. എച്ച്.ഒ ബിനു വർഗ്ഗീസ്, എസ്.ഐ മാരായ ബിനോദ് കുമാർ, അനിൽകുമാർ, രാജേന്ദ്രൻ, സി. പി.ഒ അനിൽകുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (16-03-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 46 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 18 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 25 പേരിൽ നിന്നും  12,500/- രൂപ പിഴ ഈടാക്കി. കൂടാതെ സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത 3 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
16-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി